മിസ്റ്റർ വി. കെ. കുട്ടി: കുറുപാടത്തെപ്പറ്റി ഒരു നിർദ്ദേശം ഉണ്ടായിരുന്നില്ലേ?

മിസ്റ്റർ പി. ജെ. ജോജ്ജ്: പണത്തിന്റെ ബുദ്ധിമുട്ടുകൊണ്ട് അതെടുക്കുവാൻ സാധിച്ചില്ല.

മിസ്റ്റർ ബി. എം. പീറ്റർ: ഈ കൊല്ലം എത്ര നിർദ്ദേശങ്ങളുണ്ടായിട്ടുണ്ടെന്നു പറയാമോ?

മിസ്റ്റർ പി. ജെ. ജോജ്ജ്: പല നിർദ്ദേശങ്ങളുമുണ്ടായിരുന്നു. ഒരു ടെണ്ടർ പ്ലാനിങ്ങ് എക്സ്റ്റെൻഷനിടുന്നതിനുള്ള ഒരു നിർദ്ദേശമുണ്ടായി. അതു തല്ക്കാലം ആവശ്യമില്ലെന്നുപറഞ്ഞു വേണ്ടെന്നുവെച്ചു. പിന്നെ ഒരു ഡ്രെയിനേജ് സ്കീം ഉണ്ടായിരുന്നു. മഴവെള്ളം ഒരു കനാൽ താഴ്ത്തണമെന്നു ഒരു നിർദ്ദേശമുണ്ടായി. കൂടാതെ ഒരു "T. B." വേണമെന്നാവശ്യപ്പെട്ടു. ഇതിനെല്ലാം ഗവൺമെന്റിൽനിന്നും തല്ക്കാലം മുഴുവൻ പണവും ചിലവിടുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടു പകുതി ഗവൺമെന്റും, പകുതി മുനിസിപ്പാലിറ്റിയും എടുക്കണമെന്നാവശ്യപ്പെട്ടു, ഇതെല്ലാം വിശദമായിട്ടു ചോദിച്ചാലെ മറുപടി പറയാൻ സാധിക്കയുള്ളൂ.

മിസ്റ്റർ ബി. എം. പീറ്റർ: കുറുപ്പാടം സ്കീം വേണ്ടെന്നു തീരുമാനിച്ചു നിത്തിവെച്ചതോ, പണമുണ്ടാകുമ്പോൾ ആലോചിക്കാമെന്നുപറഞ്ഞു നിറുത്തി വെച്ചിട്ടുള്ളതോ?

മിസ്റ്റർ പി. ജെ. ജോജ്ജ്: പണമില്ലാത്തതുകൊണ്ടു നിറുത്തി വെച്ചിരിക്കയാണു്.

മിസ്റ്റർ വി. കെ. കുട്ടി: അതിനു് എത്ര ഉറുപ്പിക ചിലവുവരും.

മിസ്റ്റർ പി. ജെ. ജോജ്ജ്: നാലു ലക്ഷത്തോളം വേണ്ടിവരും.

മിസ്റ്റർ വി. കെ. കുട്ടി: എത്ര ഏക്കർ സ്ഥലം ആവശ്യമുണ്ടെന്നു പറയാമോ?

മിസ്റ്റർ പി. ജെ. ജോജ്ജ്: നോട്ടീസ്സുവേണം.

COCHIN TIRUMALA DEVASWAM—ASSIGNMENT OF LAND TO

214. മിസ്റ്റർ ബി. എം. പീറ്റർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു മേധാവിയായി മറുപടി പറയുമോ.—

(എ) കൊച്ചി തിരുമല ദേവസ്വത്തിലേക്കു എത്ര എ-ൽ പള്ളുരുത്തി വില്ലേജിൽനിന്നു സർവ്വെ എ൬ നു നു -ാം നമ്പ്ര ഭൂമിയും എത്ര എ൦ ൩ -ൽ ടി വില്ലേജിൽതന്നെ സർവ്വെ എ൬ ൭ ൪ -ാം നമ്പ്ര ഭൂമിയും പതിച്ചു കൊടുത്തിട്ടുണ്ടോ;

(൨) ടി വകക്കു് എന്തുസംഖ്യ ഗവൺമെണ്ടിലേക്കു തറവിലയായി ലഭിച്ചു?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അച്യുതമേനോൻ:

(ഛ) ഇല്ല.

(ഛ) മേൽപറഞ്ഞ ഉത്തരംകൊണ്ടു് ഇതിന്നു് ഉത്തരം ആവശ്യമില്ല.

മിസ്റ്റർ ബി. എം. പീറർ: മേല്പറഞ്ഞ സർവ്വേ നമ്പരുകൾ കൊച്ചി തിരുമല ദേവസ്വത്തിന്റെ കൈവശമാണെന്നറിയാമോ?

മിസ്റ്റർ കെ. അച്യുതമേനോൻ: കൊച്ചി തിരുമലദേവസ്വം സർവ്വേ ഫറന്നു-ാം നമ്പ്രു് ഭൂമി കൈവശം വെച്ചിട്ടുണ്ടെന്നുള്ള ഒരു ഇൻഫർമേഷൻ മാത്രമെ എനിക്കുള്ളൂ.

മിസ്റ്റർ ബി. എം. പീറർ: ഇതു് കൊച്ചി തിരുമലദേവസ്വത്തിലേക്കു് എന്നാണു് കൈവശം കിട്ടിയതു്.

മിസ്റ്റർ കെ. അച്യുതമേനോൻ: നോട്ടീസ്സുവേണം.

ERNAKULAM—MATTANCHERI MOTOR BOATS—TOUCHING AT WILLINGDON ISLAND

215. Mr. T. A. Ramachandra Ayyar *(Nellayi):* Will the Government be pleased to state.—

(*a*) whether motor boats from Ernakulam used to touch at Customs House on their way to Mattancheri;

(*b*) if so, when was this discontinued and what is the reason for the same;

(*c*) whether the boats are allowed to touch at the Willingdon Island;

(*d*) if not, why not?

Mr. V. K. Aravindaksha Menon *(Chief Engineer):* (*a*) Yes. (It is presumed that by motor boats, it is meant the ferry motor boats between Ernakulam and Mattancheri).

(*b*) This was discontinued from 19th May 1938, at the instance of the Administrative Officer and Harbour Engineer-in-Chief.

(*c*) and (*d*) Two boats from Ernakulam to Mattancheri in the morning and one boat from Mattancheri to Ernakulam in the evening are touching the Willingdon Island.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: ഹാർബർ എഞ്ചിനീയർ-ഇൻ-ചീഫ് തടസ്സം ചെയ്യുന്നതിന്നു കാരണമെന്താണു്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അവിടെ വർക്കുചെയ്യുവാൻ ബുദ്ധിമുട്ടു വരുന്നുണ്ടു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: ഏതെങ്കിലും വിധത്തിൽ കസ്റ്റംസ്സു് ഹൌസിനടുത്തു് ബോട്ടുകൾ അടുപ്പിയ്ക്കുവാൻ വിരോധമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly